## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

12.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2408

### വ്യവസായ രംഗത്ത് വിദേശനിക്ഷേപം ആകർഷിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൾ ഹമീദ്. പി. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ രംഗത്ത് പുതുതായി എത്ര നിക്ഷേപം ഉണ്ടായെന്ന് വെളിപ്പെടുത്തുമോ; | (എ) | കിൻഫ്രയിലെ വിവിധ പാർക്കുകളിലായി 135 വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത . സംരംഭങ്ങൾ പൂർണ്ണമായി പ്രവർത്തനമാകുമ്പോൾ 158.88 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. സംരംഭകർക്ക് കെ എസ് ഐ ഡി സി വഴി സാമ്പത്തിക സഹായം നൽകുന്നതു വഴി ഏകദേശം 125 കോടിയിൽ പരം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. |
| (ബി) | വ്യവസായ രംഗത്ത് വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | • സംസ്ഥാനത്തെ വ്യവസായ രംഗത്ത് വിദേശ / തദ്ദേശ നിക്ഷേപം ആകർഷിക്കുന്നതിനായി കെ എസ് ഐ ഡി സി പുതിയ സംരംഭങ്ങൾക്കുള്ള ലോണുകളുടെ പലിശ 0.75% കുറച്ചിട്ടുണ്ട്. കൂടാതെ ഓരോ ത്രൈമാസത്തിന്റേയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ വീണ്ടും കുറവ് നൽകുന്നതാണ്. ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി വ്യവസ്ഥകളും മാനദണ്ഡങ്ങളും ലഘൂകരിച്ചിട്ടുണ്ട്.<br>• സംരംഭങ്ങൾക്കാവശ്യമായ അനുമതികളും ക്ലിയറൻസും ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം നിലവിൽ |

| | | | |
|---|---|---|---|
| | | | വന്നു.<br>• സംസ്ഥാനത്ത് നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിനായി നിലവിലുള്ള വിവിധ നിയമങ്ങൾ ലഘൂകരിച്ചുകൊണ്ട് 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ് നിയമം നിലവിൽ വന്നിട്ടുണ്ട്.<br>• കെ എസ് ഐ ഡി സി വഴിയും കിൻഫ്ര വഴിയും വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.<br>കിൻഫ്ര ആവിഷ്കരിച്ചുവരുന്ന വിവിധ വ്യവസായ പാർക്കുകളിൽ വിദേശവ്യവസായികൾക്ക് മുതൽമുടക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | പുതുതായി ഉണ്ടായ നിക്ഷേപങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വെളിപ്പെടുത്താമോ? | (സി) | കിൻഫ്രയുടെ വിവിധ പാർക്കുകളിൽ ഭൂമി ലഭിച്ച സംരംഭകരുടെ പ്രൊജക്റ്റ് റിപ്പോർട്ട് അനുസരിച്ചുള്ള സംരംഭങ്ങളുടെ പ്രവർത്തനം പൂർണ്ണമാകുമ്പോൾ 1835 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കെ എസ് ഐ ഡി സി യുടെ സാമ്പത്തിക സഹായം സ്വീകരിച്ച സ്ഥാപനങ്ങൾ മുഖേന ഏകദേശം 450 പേർക്കും കെ എസ് ഐ ഡി സി യുടെ വ്യവസായ വളർച്ചാകേന്ദ്രങ്ങളും വ്യവസായ പാർക്കുകളും വഴി ഏകദേശം 1100 ഓളം പേർക്കും, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വഴി 600 ൽപരവും തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**